വിപുലമായ രീതിയിൽ ആടുകളെ വളർത്തുവാൻ പദ്ധതി

*700 [764] ശ്രീ. പി. സി. ജോസഫ്:

,, എം. വി. മാണി:

,, ഈപ്പൻ കണ്ടക്കുടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ആടുകളുടെ വർദ്ധിച്ചുവരുന്ന ഉപയോഗം കണക്കിലെടുത്ത് വിപുലമായ തോതിൽ ആടുകളെ വളർത്തുവാൻ ഗവൺമെന്റിന് വല്ല പദ്ധതിയുമുണ്ടോ;

(ബി) വനങ്ങളിൽ ആടുകളെ മേയ്ക്കുവാൽ കൂടുതൽ സൗകര്യമുള്ളതിനാൽ വനപ്രദേശങ്ങളോട് ചേർന്ന് താമസിക്കുന്ന ഹരിജനങ്ങൾക്കും സാധാരണക്കാർക്കും സ്വയം തൊഴിൽ കണ്ടെത്തൽ പദ്ധതിയിൽപ്പെടുത്തി ആടുകളെ വാങ്ങാൻ പണം വായ്പ നൽകുവാൻ നടപടി സ്വീകരിക്കുമോ?

കൃഷിവകുപ്പുമന്ത്രി (ശ്രീ. എ.എൽ. ജേക്കബ്):

(എ) ഉണ്ട്.

(ബി) അട്ടപ്പാടി ഗിരിവർഗ്ഗ പ്രദേശത്ത് ഗിരിജനങ്ങൾക്ക് സൗജന്യമായി ആടുകളെ വിതരണം ചെയ്യുന്ന ഒരു പദ്ധതിയും നടപ്പിലുണ്ട്. പണം വായ്പ കൊടുത്തുള്ള പദ്ധതികളും തൽക്കാലം ഉദ്ദേശിക്കുന്നില്ല.

ശ്രീ. പി. സി. ജോസഫ്: കൃത്രിമ ബീജസങ്കലന പ്രക്രിയയിലൂടെ പശുക്കളുടെ രംഗത്ത് പുതിയൊരു തലമുറ സൃഷ്ടിക്കപ്പെട്ടിരിക്കുകയാണ്. അതിലൂടെ ധവള വിപ്ലവവും നടന്നുകൊണ്ടിരിക്കുകയാണ്. അതുപോലെ ആടുകളുടെ കാര്യത്തിലും കൃത്രിമ ബീജസങ്കലന പ്രക്രിയയിലൂടെ കൂടുതൽ ഉത്പാദനേക്ഷമമായ ആടുകളുടെ തലമുറ സൃഷ്ടിക്കുന്നതിനെപ്പറ്റി ആലോചിക്കുമോ?

ശ്രീ. എ. എൽ. ജേക്കബ്: ഇപ്പോഴും അതിനെപ്പറ്റി ആലോചിച്ചുവരികയാണ്.

ശ്രീ. പി. സി. ജോസഫ്: എസ്. എഫ്. ഡി. എ. തുടങ്ങിയ ഏജൻസികൾ കന്നുകാലികൾക്ക് ഗ്രാന്റും ലോണും നൽകുന്ന പദ്ധതിയുണ്ട്. ആടുകളുടെ കാര്യത്തിൽകൂടി ഇത് ബാധകമാക്കാൻ നടപടികളെടുക്കുമോ?

ശ്രീ. എ. എൽ. ജേക്കബ്: ആ കാര്യവും ആലോചിച്ചുവരികയാണ്.

ശ്രീ എം. വി. മാണി: നമ്മുടെ നാട്ടിൽ ഇന്ന് ആട്ടിറച്ചിക്ക് തീപിടിച്ച വിലയാണ്, ഒരു കിലോയ്ക്ക് 15 രൂപ വരെയുണ്ട്. നമ്മുടെ നാട്ടിൽ ആട് ധാരാളമില്ല. നമ്മുടെ നാട്ടിൽ ധാരാളം വനപ്രദേശങ്ങളും റബർ തോട്ടങ്ങളുമുള്ളതുകൊണ്ട് ആടു കൃഷിക്ക് വളരെയേറെ സാദ്ധ്യതയുണ്ട്. മലേഷ്യപോലുള്ള രാജ്യങ്ങളിൽ വൻതോതിൽ ആടുകളെ വളർത്തുന്നുണ്ട്. അത് പരിഗണിച്ച് ഇന്ന് വനപ്രദേശങ്ങളോട് തൊട്ട് ആടു കൃഷി ചെയ്യാനുള്ള ഒരു സമഗ്രമായ പരിപാടിക്ക് രൂപം കൊടുക്കാൻ ദയവുണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എൽ. ജേക്കബ്: അതിനുള്ള സാദ്ധ്യതകളെ സംബന്ധിച്ച് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: മാർജിനൽ ഫാർമേഴ്സിനു ആടു വളർത്താൻ സബ്സിഡി കൊടുക്കുന്നത് നിർത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. എൽ. ജേക്കബ്: അത് നിർത്താൻ ഉദ്ദേശിക്കുന്നില്ല.

ശ്രീ. ഈപ്പൻ വർഗ്ഗീസ്: വനപ്രദേശങ്ങളിൽ ആടുകൾക്ക് ധാരാളം തീറ്റ ഉള്ളതുകൊണ്ട് നാട്ടിൽനിന്നും കുറെ ആടുകളെ കാട്ടിലേക്ക് പറഞ്ഞു വിട്ട് കാട്ടാടുകളുടെ വർദ്ധനയ്ക്കുള്ള സാഹചര്യം ഉണ്ടാക്കാൻ ശ്രമിക്കുമോ?

ശ്രീ. എ. എൽ. ജേക്കബ്: കാട്ടിൽ ആടുകളെ കടത്തിവിടുന്നതിനെ സംബന്ധിച്ചിടത്തോളം നാഷണൽ കമ്മീഷൻ ഓൺ അഗ്രികൾച്ചറൽ സമ്മതിക്കുകയില്ല. ആടുകളെ കടത്തിവിട്ടാൽ തേക്കിൻതൈകൾ വലുതായിവരുന്നത് കടിച്ചുതിന്നുകളയുമെന്നുള്ളതുകൊണ്ടാണ്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: അട്ടപ്പാടിയിൽ ആദിവാസികൾക്കു വേണ്ടി ആടുകളെ വിതരണം ചെയ്യുന്ന പദ്ധതി നിലവിലുണ്ടെന്നു പറഞ്ഞു. അതനുസരിച്ച് എത്ര ആടുകളെ ആദിവാസി കുടുംബങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ടെന്നു പറയാമോ? ഇതിനുവേണ്ടി എത്ര ലക്ഷം രൂപയാണ് ചെലവായിട്ടുള്ളത്?

ശ്രീ. എ. എൽ. ജേക്കബ്: പ്രത്യേക നോട്ടീസ് വേണം.

ശ്രീ. പി. ശങ്കർ: ഈ ആടുകളെ വളർത്താൻ ഇന്നൊരു പദ്ധതി ഉണ്ടെന്നുപറഞ്ഞു. അതിൽ ഏതെല്ലാം ആടുകളാണ് ഉൾപ്പെടുന്നത്? ചെമ്മരിയാട്, കോലാട്, വരയാട് തുടങ്ങിയവയെല്ലാം ഉൾപ്പെടുമോ?

ശ്രീ. എ. എൽ. ജേക്കബ്: എല്ലാ ആടുകളും പെടും.

ശ്രീ. വി. ജെ. ജോസഫ്: ഇന്ന് ആടുകളുടെ പാലിന് വളരെയധികം ഡിമാൻഡ് വർദ്ധിച്ചിട്ടുണ്ട്. അതുപോലെതന്നെ മാംസത്തിന് ക്രമാതീതമായി വില വർദ്ധിച്ചിരിക്കുകയാണ്. ഈ പരിതസ്ഥിതി കണക്കിലെടുത്തുകൊണ്ട് നമ്മുടെ കാർഷികവികസനപദ്ധതിക്ക് രൂപം കൊടുക്കുമ്പോൾ സമഗ്രമായ ഒരു ആടു വളർത്തൽ പദ്ധതിക്ക് രൂപം കൊടുക്കാൻ തയ്യാറാകുമോ?

ശ്രീ. എ. എൽ. ജേക്കബ്: അതേപ്പറ്റി ആലോചിക്കുന്നുണ്ടെന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. സിറിയക് ജോൺ: പല സംസ്ഥാനങ്ങളിലും ഗോവധ നിരോധനം നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുന്ന സാഹചര്യത്തിൽ ആ സ്ഥലങ്ങളിലേക്കെല്ലാം ആടുകളെ കയറ്റി അയക്കാൻ ധാരാളം സാദ്ധ്യതകൾ ഉള്ളതുകൊണ്ട് നമ്മുടെ സംസ്ഥാനത്ത് വളരെ വ്യാപകമായ തോതിൽ ആടു വളർത്തൽ തുടങ്ങുന്നതിനെ സംബന്ധിച്ചിടത്തോളം എന്തെങ്കിലും ഊർജ്ജിത പദ്ധതി ആരംഭിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. എ. എൽ. ജേക്കബ്: അതിന് കഴിയുന്നത്ര പ്രോൽസാഹനം നൽകുന്നുണ്ട്.

ശ്രീ. ആര്യാടൻ മുഹമ്മദ്: ആടുവളർത്താൻ ഒരു പദ്ധതി ഉണ്ടെന്നു പറഞ്ഞു. ആ പദ്ധതി എന്താണെന്ന് പറയുവാൻ ദയവുണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: അത് ആടുവളർത്തൽ തന്നെയാണ്.

ശ്രീ എൻ. ഐ. ദേവസ്സിക്കുട്ടി: സ്പിറ്റ്സർലൻറിൽനിന്നും ചില്ലയിനം ആടുകളെ ഇറക്കുമതി ചെയ്ത് നാടൻ ആടുകളിൽനിന്നും സങ്കര ഇനം ആടുകളെയുണ്ടാക്കി അത് ഒരു പരിപാടിയായി വിജയിപ്പിക്കുന്നതിന് ഗവൺമെൻറിനും കാർഷിക സർവ്വകലാശാലയ്ക്കും ഒരു പദ്ധതി ഉണ്ടായിരുന്നു. ആ പദ്ധതിയുടെ പുരോഗതി എന്തായി; വിജയിച്ചോ; നാടൻ ഇനത്തിൽനിന്നും സങ്കരയിനത്തിന് ജന്മം നൽകിയോ?

ശ്രീ. എ. എൽ. ജേക്കബ്: കേരള കാർഷികസർവ്വകലാശാല യൂറോപ്പിൽനിന്നും ഇറക്കുമതിചെയ്ത സാലിൻ എന്ന മേൽത്തരം ആടിനെ ഉപയോഗിച്ച് സങ്കരയിനങ്ങളുടെ ഉത്പാദനം നടന്നുകൊണ്ടിരിക്കുകയാണ്. മലബാറി ഇനത്തിൽനിന്നും ദിവസേന ശരാശരി 1.2 ലിറ്റർ പാൽ കിട്ടുന്നുണ്ട്. ഇത് ക്രോസ് ചെയ്തിട്ട് 2 ലിറ്റർ വരെ കിട്ടുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്.

ജനാസ്വാസ്ഥ്യ രക്ഷക് കിറ്റ്

*701 [765] ശ്രീ. പി. ശങ്കർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ജനസ്വാസ്ഥ്യ രക്ഷക് കിറ്റ്' എന്ന പേരിൽ കുറെ പെട്ടികൾ കേന്ദ്രഗവൺമെൻറിൽനിന്ന് വന്നിട്ടുണ്ടോ; എത്ര പെട്ടികൾ ഉണ്ട്;

(ബി) എന്താണ് അതുകൊണ്ട് ഉദ്ദേശിക്കുന്നത്;

(സി) അതിനുള്ള പരിപാടി തയ്യാറാക്കിയോ?

പൊതുജനാരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കെ. പി. പ്രഭാകരൻ):

(എ) ഉണ്ട്. 1600 കിറ്റുകൾ കിട്ടിയിട്ടുണ്ട്.

(ബി) നഗ്നപാദ ഡോക്ടർമാർക്ക് (കമ്മ്യൂണിറ്റി ഹെൽത്ത് വർക്കർ) വിതരണം ചെയ്യുന്നതിന് ഉദ്ദേശിച്ചിട്ടുള്ളവയാണ്.

(സി) നഗ്നപാദ ഡോക്ടർ പരിപാടി (കമ്മ്യൂണിറ്റി ഹെൽത്ത് വർക്കർ സ്കീം) കേന്ദ്രസർക്കാർ ആവിഷ്കരിച്ചിരിക്കുന്ന രീതിയിലല്ല ഇവിടെ നടപ്പിലാക്കാനുദ്ദേശിക്കുന്നത്. ഈ സംസ്ഥാനത്തെ പരിതഃസ്ഥിതികൾക്ക് അനുയോജ്യമായ രീതിയിലുള്ള ഒരു പരിഷ്കരിച്ച പദ്ധതി കേന്ദ്രാനുമതിയോടുകൂടി നടപ്പിലാക്കേണ്ട കാര്യം പരിഗണനയിലിരിക്കുകയാണ്. അതുകൊണ്ട് കിട്ടിയ കിറ്റുകൾ തൽക്കാലം ഇവിടെ ഉപയോഗമില്ലാത്തതിനാൽ കേന്ദ്ര സർക്കാരിൻറെ നിർദ്ദേശപ്രകാരം ആന്ധ്രാ ഗവൺമെൻറിന് അവരുടെ ചെലവിൽ കൈമാറ്റാനായി നടപടി എടുത്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. ശങ്കർ: നഗ്നപാദ ഡോക്ടർമാർക്ക് വിതരണം ചെയ്യുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ പെട്ടികളെന്നും അവ തിരിച്ച് അയക്കുന്നതിന് നടപടി സ്വീകരിച്ചുകൊണ്ടിരിക്കുന്നു എന്നും മന്ത്രി മറുപടിനൽകി. പിന്നെ ഇവിടെ ഒരു പദ്ധതിയുണ്ടെന്നും പറയുന്നു. അങ്ങനെയൊരു പദ്ധതി ഉണ്ടെങ്കിൽ പിന്നെന്തിനാണ് അതു തിരിച്ചയക്കുവാൽ ഉദ്ദേശിക്കുന്നത്. അതു ഉപയോഗപ്പെടുത്തുവാൻ കഴിയുകയില്ലേ?

LIBRARY ARCHIVES Kerala Legislative Assembly